©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2022 മേയ് 11<br>11th May 2022<br>1197 മേടം 28<br>28th Medam 1197<br>1944 വൈശാഖം 21<br>21st Vaisakha 1944 | നമ്പർ<br>No. | 1526 |


GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

G.O.(P) No.31/2022/LBR

Dated, Thiruvananthapuram, 5th May, 2022
22nd Medam, 1197

**S. R. O. No. 462/2022**

In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof and in supersession of the notification issued under G.O.(Ms.) No.110/2011/LBR. dated 9th August, 2011 and published as S.R.O.No.513/2011 in the Kerala Gazette Extraordinary No.1600 dated 22nd August, 2011, the Government of Kerala after considering the objections and suggestions received on

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

the draft proposals published as notification No.LBRD-E1/95/2021-LBRD. dated 13th December, 2021 in the Kerala Gazette Extraordinary No.3629 dated 14th December, 2021 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the employees employed in the Soap Manufacturing Industry Sector in the State of Kerala, as specified in the Schedule annexed hereto and fix the date of publication of this notification in the Gazette as the date from which the revised rates shall come into force.

## SCHEDULE

**I. Basic Wages**

| ***Sl.No.*** | ***Category/Post*** | ***Monthly Basic Wages (₹)*** |
|---|---|---|
| **(1)** | **(2)** | **(3)** |
| | Group - A<br>1. Manager | 21370 |
| | Group - B<br>1. Quality Controller<br>2. Chemist | 20160 |
| | Group - C<br>1. Plant Operator<br>2. Lab Technician<br>3. Marketing Executive<br>4. Sales Executive | 19020 |
| | Group - D<br>1. Supervisor<br>2. Accountant<br>3. Cashier<br>4. Clerk<br>5. Computer Operator | 17945 |
| | Group - E<br>1. Office Assistant<br>2. Receptionist<br>3. Store Keeper<br>4. Driver | 16930 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| Category | Basic wage |
| --- | --- |
| <u>Group - F</u><br>1. Milling Worker<br>2. Mixing Worker<br>3. Cutting Worker<br>4. Production Worker<br>5. General Worker<br>6. Store Assistant | 15970 |
| <u>Group - G</u><br>1. Packer<br>2. Ceiling Worker<br>3. Labelling Worker<br>4. Loading and Unloading Worker<br>5. Security Guard | 15060 |
| <u>Group H</u><br>1. Attender<br>2. Peon<br>3. Helper<br>4. Watchman<br>5. Cleaner<br>6. Sweeper | 14205 |

**II. Dearness Allowance**

In addition to the rate of basic wages, the employees shall be eligible for Dearness Allowance calculated on the basis of Consumer Price Index published for the concerned District Headquarters by the Department of Economics and Statistics for the increase in every point above 350 points in new series, ie. 1998-99=100 at the rate of ₹ 26 (Rupees Twenty Six only) for monthly waged employees and ₹1 (Rupee One only) for daily waged employees.

**III. Service Weightage**

The employees who have completed not less than five years continuous service in an establishment or under an employer, as on the date of commencement of this notification, shall be allowed service weightage at the rate of one per cent of the basic wages at the revised rate for every completed year of service subject to a maximum of fifteen percent, including the basic wages.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**IV. Other Conditions**

1. In case the employees of any establishment/industry are at present getting higher wages than the minimum wages fixed as per this notification, they shall be entitled to get such higher rates.
2. In case any post or category is not included in the schedule above, they shall be eligible for the basic wages prescribed for equivalent post/category.
3. Daily wages of the monthly paid employees included in the schedule above shall be calculated by dividing the total monthly wages including Dearness Allowance by 26.

By order of the Governor,
**MINI ANTONY**
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Government had earlier fixed the minimum rates of wages payable to the employees employed in the Soap Manufacturing Industry in the State of Kerala as per notification issued under G.O.(Ms.) No.110/2011/LBR. dated 9th August, 2011 and published as S.R.O.No.513/2011 in the Kerala Gazette Extraordinary No.1600 dated 22nd August, 2011. The Government have now decided to revise the existing minimum rates of wages in the said industry sector after considering the objections and suggestions received on the preliminary notification published as notification No. LBRD-E1/95/2021-LBRD. dated 13th December, 2021 in the Kerala Gazette Extraordinary No.3629 dated 14th December, 2021 and in consultation with the advice of the Minimum Wages Advisory Board constituted for the said purpose.

The notification is intended to achieve the above object.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർക്കാർ
**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**
വിജ്ഞാപനം

സ.ഉ.(അച്ചടി) നം.31/2022/തൊഴിൽ

തിരുവനന്തപുരം, 2022 മേയ് 5
1197 മേടം 22

**എസ്. ആർ. ഒ. നമ്പർ 462/2022**

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2011 ആഗസ്റ്റ് 9-ാം തീയതിയിലെ സ.ഉ.(കൈ)110/2011/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2011 ആഗസ്റ്റ് 22-ാം തീയതിയിലെ 1600-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.513/2011 നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം, 2021 ഡിസംബർ 13-ാം തീയതിയിലെ നം.ഇ 1/95/2021/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2021 ഡിസംബർ 14-ാം തീയതിയിലെ 3629-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രാഥമിക വിജ്ഞാപനത്തിലെ കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം കേരള സർക്കാർ, കേരള സംസ്ഥാനത്തെ സോപ്പ് നിർമ്മാണ വ്യവസായം തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പുതുക്കിയ കൂലി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

**പട്ടിക**

**I. അടിസ്ഥാന വേതനം**

| ക്രമ നം. | വിഭാഗം/തസ്തിക | പ്രതിമാസ അടിസ്ഥാന വേതനം (രൂപ) |
|---|---|---|
| (1) | (2) | (3) |
| | വിഭാഗം-എ | |
| | 1. മാനേജർ | 21,370 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| <u>വിഭാഗം-ബി</u><br>1. ക്വാളിറ്റി കൺട്രോളർ<br>2. കെമിസ്റ്റ് | 20,160 |
| <u>വിഭാഗം-സി</u><br>1. പ്ലാന്റ് ഓപ്പറേറ്റർ<br>2. ലാബ് ടെക്നീഷ്യൻ<br>3. മാർക്കറ്റിംഗ് എക്സിക്യൂട്ടീവ്<br>4. സെയിൽസ് എക്സിക്യൂട്ടീവ് | 19,020 |
| <u>വിഭാഗം-ഡി</u><br>1. സൂപ്പർവൈസർ<br>2. അക്കൗണ്ടന്റ്<br>3. കാഷ്യർ<br>4. ക്ലാർക്ക്<br>5. കമ്പ്യൂട്ടർ ഓപ്പറേറ്റർ | 17,945 |
| <u>വിഭാഗം - ഇ</u><br>1. ഓഫീസ് അസിസ്റ്റന്റ്<br>2. റിസപ്ഷനിസ്റ്റ്<br>3. സ്റ്റോർ കീപ്പർ<br>4. ഡ്രൈവർ | 16,930 |
| <u>വിഭാഗം - എഫ്</u><br>1. മില്ലിംഗ് വർക്കർ<br>2. മിക്സിംഗ് വർക്കർ<br>3. കട്ടിംഗ് വർക്കർ<br>4. പ്രൊഡക്ഷൻ വർക്കർ<br>5. ജനറൽ വർക്കർ<br>6. സ്റ്റോർ അസിസ്റ്റന്റ് | 15,970 |
| <u>വിഭാഗം - ജി</u><br>1. പാക്കർ<br>2. സീലിംഗ് വർക്കർ<br>3. ലേബലിംഗ് വർക്കർ<br>4. കയറ്റിറക്ക് ജീവനക്കാരൻ<br>5. സെക്യൂരിറ്റി ഗാർഡ് | 15,060 |
| <u>വിഭാഗം - എച്ച്</u><br>1. അറ്റന്റർ<br>2. പ്യൂൺ<br>3. ഹെൽപ്പർ<br>4. വാച്ച്മാൻ<br>5. ക്ലീനർ<br>6. സ്വീപ്പർ | 14,205 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**II. ക്ഷാമബത്ത**

മേൽ പറഞ്ഞ അടിസ്ഥാന വേതനത്തിനുപുറമേ, എല്ലാ വിഭാഗം തൊഴിലാളികൾക്കും സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ ജില്ലാ കേന്ദ്രത്തിനും വേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന ഉപഭോക്തൃവില സൂചികയിൽ 350 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും മാസവേതനക്കാർക്ക് 26 രൂപ നിരക്കിലും ദിവസ വേതനക്കാർക്ക് 1 (ഒരു) രൂപ നിരക്കിലും ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

**III. സർവ്വീസ് വെയിറ്റേജ്**

ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിലോ/ഒരു തൊഴിലുടമയുടെയോ കീഴിൽ 5 വർഷത്തിൽ കുറയാത്ത സേവനകാലം പൂർത്തിയാക്കിയ ജീവനക്കാർക്ക് അടിസ്ഥാന വേതനത്തിന് പുറമേ അവർ പൂർത്തിയാക്കിയ ഓരോ വർഷത്തേയ്ക്കും പുതുക്കിയ നിരക്കിലുള്ള അടിസ്ഥാന വേതനത്തിന്റെ 1% വീതം പരമാവധി 15 (പതിനഞ്ച്) ശതമാനം എന്ന പരിധിയിൽ, സർവ്വീസ് വെയിറ്റേജ് അനുവദിക്കേണ്ടതാണ്.

**IV. ഇതര വ്യവസ്ഥകൾ**

1. ഈ വിജ്ഞാപനത്തിൽ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം നിലവിൽ ലഭിക്കുന്ന തൊഴിലാളികൾക്ക് അപ്രകാരമുള്ള ഉയർന്ന വേതന നിരക്ക് തുടർന്നും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.
2. ഏതെങ്കിലും തസ്തിക പ്രത്യേകമായി പട്ടികയിൽ പ്രതിപാദിച്ചിട്ടില്ലെങ്കിൽ, അത്തരം ജീവനക്കാർക്ക് പട്ടികയിലെ സമാന പദവിയിലുള്ള ജീവനക്കാർക്ക് നിശ്ചയിച്ച നിരക്കിലുള്ള വേതനം നൽകേണ്ടതാണ്.
3. ഈ വിജ്ഞാപന പ്രകാരം മാസവേതന നിരക്ക് നിശ്ചയിച്ചിട്ടുള്ള ജീവനക്കാരന്റെ ദിവസവേതനം ആ വിഭാഗത്തിന് അർഹതപ്പെട്ട ക്ഷാമബത്ത ഉൾപ്പെടെ മൊത്തം മാസവേതനത്തെ 26 കൊണ്ട് ഭാഗിച്ച് കണക്കാക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
**മിനി ആന്റണി,**
*ഗവൺമെന്റ് സെക്രട്ടറി.*

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ സോപ്പ് നിർമ്മാണ വ്യവസായ തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്ക് 2011 ആഗസ്റ്റ് 9-ാം തീയതിയിലെ ജി.ഒ. (എം.എസ്) 110/2011/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2011 ആഗസ്റ്റ് 22-ാംതീയതിയിലെ 1600-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ.513/2011 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം നിശ്ചയിച്ചിരുന്നു. 2021 ഡിസംബർ 13-ാം തീയതിയിലെ നം.ഇ 1/95/2021/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2021 ഡിസംബർ 14-ാം തീയതിയിലെ 3629-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രസ്തുത വ്യവസായ മേഖലയിലെ ഏറ്റവും കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള, പ്രാഥമിക വിജ്ഞാപനപ്രകാരമുള്ള കരട് നിർദ്ദേശങ്ങളിൻമേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചതിനുശേഷവും ഈ ആവശ്യത്തിനായി രൂപീകരിച്ച മിനിമം വേതന ഉപദേശക ബോർഡുമായി കൂടിയാലോചിച്ചശേഷവും പ്രസ്തുത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ നിലവിലുള്ള ഏറ്റവും കുറഞ്ഞ വേതന നിരക്ക് പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2022.05.11 03:12:59 +05:30